ഡോ. എൻ. ഷംനാദ്

نطاقات

Nitaqat

മരീചികയാകുന്ന പ്രവാസം

ഗൾഫ് രാജ്യങ്ങളിലേക്കുള്ള മലയാളി കുടിയേറ്റത്തിന് അഞ്ചര പതിറ്റാണ്ടിലേറെ പഴക്കമുണ്ട്. നമ്മുടെ കുഗ്രാമങ്ങളിലെപ്പോലും ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തിയത് ഗൾഫ് വരുമാനമാണെന്നതാണ് ഗൾഫ് പ്രവാസ ജീവിതത്തിന്റെ ഏറ്റവും ലളിതമായ സാമ്പത്തിക വശം. നാട്ടിലെ പെട്ടിക്കടകൾ മുതൽ റിയൽ എസ്റ്റേറ്റ് വരെ നീണ്ട് കിടക്കുന്ന സാമ്പത്തിക വ്യവസ്ഥയുടെ ജീവനാഡി ഗൾഫിൽ നിന്നുള്ള വരുമാനമാണ്. സ്റ്റേറ്റിന്റെ മൊത്തം ആഭ്യന്തര വരുമാനത്തിന്റെ (ജി ഡി പി) 31.23 ശതമാനവും പ്രവാസി വരുമാനത്തിൽ നിന്നാണ്. റവന്യൂ വരുമാനത്തിന്റെ 6.2 മടങ്ങാണ് പ്രവാസികളിലൂടെ കേരളത്തിന് ലഭിക്കുന്നത്.[2]

2012 ൽ പ്രവാസി മലയാളികൾ കേരളത്തിലെത്തിച്ചത് 60,000 കോടി രൂപയാണ്. നടപ്പു ബഡ്ജറ്റിൽ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം 55,000 കോടി രൂപയാണെന്നും മനസ്സിലാക്കുക. പ്രവാസികളുടെ വരുമാനത്തിൽ 10 ശതമാനം മാത്രമേ അവർ നിക്ഷേപം നടത്താറുള്ളൂ. ബാക്കി 90 ശതമാനവും കുടുംബം പുലർത്താനും, വീട് വയ്ക്കുവാനും, ഭൂമി വാങ്ങാനും, സ്വർണം വാങ്ങാനും ബന്ധുക്കളുടെ വിവാഹം നടത്താനുമാണ് ചെലവഴിക്കാറുള്ളത്. ഇവയുടെ നികുതി ഇനത്തിൽ വേറെ വലിയ തുകയും സർക്കാരിന് ലഭിക്കും. ലോകബാങ്കിന്റെ കുടിയേറ്റവും, വികസനവും സംബന്ധിച്ച പുതിയ റിപ്പോർട്ടിൽ 2012 ൽ പ്രവാസികൾ ഏറ്റവും കൂടുതൽ തുക അയച്ച രാജ്യം ഇന്ത്യയാണ്.[3]

ഈ വസ്തുതകൾ പരിഗണിക്കുമ്പോൾ പ്രവാസി വരുമാനത്തിലെ ചെറിയ ഇടർച്ച പോലും സമൂഹത്തിൽ പതിന്മടങ്ങ് ശക്തിയായി പ്രതിഫലിക്കുമെന്ന് മനസ്സിലാക്കാം. ഇത് ഏറ്റവും കൂടുതൽ ബാധിക്കുന്നതാകട്ടെ സേവന മേഖലയെ ആയിരിക്കും. കേരളത്തിന്റെ

സമ്പദ്‌വ്യവസ്ഥയിൽ മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ 70 ശതമാനവും സേവന മേഖലയിൽ നിന്നാണ്. വ്യവസായ മേഖലയുടെയും, കാർഷിക മേഖലയുടെയും സംഭാവന യഥാക്രമം 20,10 ശതമാനം മാത്രമാണ്.

ഗൾഫ് കുടിയേറ്റത്തിലെ ആദ്യത്തെ സ്തംഭവനാവസ്ഥ ഉണ്ടാകുന്നത് രണ്ടാം ഗൾഫ് യുദ്ധ വേളയിലാണ്. 1990 ഓഗസ്റ്റ് രണ്ടിന് ഇറാഖി സേന കുവൈറ്റ് അധിനിവേശം നടത്തിയതിനെ തുടർന്ന് മുഴുവൻ മലയാളികൾക്കും കുവൈറ്റിൽ നിന്നും മടങ്ങേണ്ടി വന്നു. അവരിൽ ഒരു ചെറു ന്യൂനപക്ഷത്തിനേ യുദ്ധാനന്തരം തിരിച്ച് പോകാനായുള്ളൂ. അന്ന് കേരളത്തിന്റെ സമ്പദ് വ്യവസ്ഥ നേരിട്ട മാന്ദ്യം വളരെ രൂക്ഷമായിരുന്നു. സേവന മേഖലയെ മൊത്തം ബാധിച്ച ആ മാന്ദ്യം വളരെക്കാലം നീണ്ടു നിന്നു

ലോകസാമ്പത്തിക മാന്ദ്യവും ഗൾഫ് തിരിച്ച് വരവും

2008 ൽ വിവിധ ഗൾഫ് സഹകരണ കൗൺസിൽ രാജ്യങ്ങളിൽ ജോലി ചെയ്തിരുന്ന ഇന്ത്യക്കാരുടെ എണ്ണം 6 ദശലക്ഷമായിരുന്നു. ഇവരിൽ 60 ശതമാനവും നിർമ്മാണ മേഖലയിൽ പണിയെടുക്കുന്നവരായിരുന്നു. ആ വർഷം അമേരിക്കയിലും യൂറോപ്പിലുമുണ്ടായ സാമ്പത്തിക മാന്ദ്യം ഗൾഫ് മേഖലയെയും ശക്തമായി പിടികൂടിയിരുന്നു. നിർമ്മാണ പ്രവർത്തനങ്ങളെ ഏറെ ആശ്രയിക്കുന്ന ദുബായിലായിരുന്നു സാമ്പത്തിക മാന്ദ്യം കഠിനമായിരുന്നത്. ഏതാണ്ട് രണ്ട് ലക്ഷത്തോളം ഇന്ത്യക്കാരാണ് തൊഴിൽ നഷ്ടപ്പെട്ട് ഗൾഫിൽ നിന്നും നാട്ടിലേക്ക് വെറും കൈയ്യോടെ മടങ്ങിയത്. ഇതിൽ ഏറെപ്പേരും ദുബായിൽ നിന്നാണ് മടങ്ങിപ്പോന്നത്.[4]

കേരള മൈഗ്രേഷൻ സർവ്വേ-2011

കേരളത്തിൽ നിന്നുള്ള വിദേശ കുടിയേറ്റം സംബന്ധിച്ച ഏറ്റവും ആധികാരിക പഠനങ്ങളായി വിലയിരുത്തപ്പെടുന്നത് തിരുവനന്തപുരത്തെ സെൻറർ ഫോർ ഡെവലപ്മെൻറ് സ്റ്റഡീസ് (സി ഡി എസ്) നടത്തുന്ന മൈഗ്രേഷൻ സർവ്വേകളാണ്. ഇതിൽ അഞ്ചാമത്തെ സർവ്വേ ഫലം 2012 ൽ കേരളാ മൈഗ്രേഷൻ സർവ്വേ 2011 എന്ന പേരിൽ പുറത്തിറങ്ങി. കേരളത്തിൽ നിന്നുള്ള വിദേശ കുടിയേറ്റ നിരക്കിൽ വൻ ഇടിവുണ്ടാകുന്നു എന്ന കണ്ടെത്തലാണ് ഈ സർവ്വേ നടത്തിയത്. അടുത്ത 3 വർഷത്തിനുള്ളിൽ കേരളത്തിൽ നിന്നുള്ള വിദേശ കുടിയേറ്റത്തിന്റെ വളർച്ചാ നിരക്ക് പൂജ്യം ശതമാനമാകുമെന്നും, തുടർന്നുള്ള വർഷങ്ങളിൽ അത് നെഗറ്റീവ് നിരക്കിലേക്ക് മാറുമെന്നുമുള്ള ഞെട്ടിക്കുന്ന വിവരങ്ങളാണ് സി ഡി എസ് സർവ്വേ നൽകുന്നത്.[5]

വിദേശ മലയാളികളുടെ എണ്ണത്തിൽ ഏറ്റവും ഇടിവ് കാട്ടിയ ജില്ല പത്തനം തിട്ടയായിരുന്നു. എന്നാൽ മലബാർ മേഖലയിൽ നിന്നുള്ള വിദേശ കുടിയേറ്റത്തിലെ വർദ്ധനയാണ് കുത്തനെയുള്ള ഇടിവിൽ നിന്നും കേരളത്തെ രക്ഷിച്ച് നിർത്തുന്നത്.[6]

എന്നാൽ ഈ സർവ്വേ കണ്ടെത്തിയ ശ്രദ്ധേയമായ മറെറാരു കാര്യമുണ്ട്. ഏറ്റവും കൂടുതൽ വിദേശ മലയാളികൾ (8.83 ലക്ഷം) യു എ ഇയിലാണ്. വിദേശ മലയാളികളുടെ 40 ശതമാനം വരുന്ന യു എ ഇ യിൽ 2008 ലെ ആഗോള സാമ്പത്തിക മാന്ദ്യത്തിന് മുമ്പ് 9.18 ലക്ഷം മലയാളികളുണ്ടായിരുന്നു. എന്നാൽ സാമ്പത്തിക മാന്ദ്യം വലിയ പരുക്കേല്പിക്കാത്ത സൗദി അറേബ്യയിൽ 2008 ൽ മലയാളികളുടെ എണ്ണം 5.03 ലക്ഷമായിരുന്നുവെങ്കിൽ 2011 ൽ അത് 5.74 ലക്ഷമായി ഉയരുകയാണ് ഉണ്ടായത്. (പട്ടിക കാണുക) സൗദിയിലെ നിതാഖാത്ത് വ്യവസ്ഥ കേരളത്തെ സംബന്ധിച്ച് ഒരു പ്രശ്നമായി മാറുന്നത് ഈ വസ്തുത കണക്കിലെടുക്കുമ്പോഴാണ്.

എന്ത്കൊണ്ട് നിതാഖാത്ത്?

2.9 കോടി ജനസംഖ്യയുള്ള ഗൾഫ് സഹകരണ കൗൺസിൽ രാജ്യമായ സൗദി അറേബ്യയിലെ സ്വദേശികളുടെ തൊഴിലില്ലായ്മ നിരക്ക് 2011 ൽ 12.2 ശതമാനമായിരുന്നു. തൊഴിൽ രഹിതരുടെ എണ്ണം സർക്കാർ കണക്കിൽ 5,88,000 ആണ്. ഗൾഫ് രാജ്യങ്ങളിൽ കഴിഞ്ഞ രണ്ട് ദശാബ്ദത്തിനിടയിലുണ്ടായ വൻ ജനസംഖ്യാ വർദ്ധനവും വിദേശ ജനസംഖ്യയുടെ അനുപാതത്തിലുണ്ടായ വളർച്ചയും കൂടിയായ പ്പോൾ ഈ രാജ്യങ്ങളിൽ പുതിയൊരു തൊഴിൽ പ്രതിസന്ധി തന്നെ ഉണ്ടായിരിക്കുകയാണ്.

2011 ൽ അറബ് രാജ്യങ്ങളിലുടനീളം അലയടിച്ച *അറബ് വസന്തം* എന്ന ജനാധിപത്യ പ്രക്ഷോഭങ്ങളുടെ ഒരു പ്രധാന കാരണം വർദ്ധിച്ച് വരുന്ന തൊഴിലില്ലായ്മയായിരുന്നു. വടക്കേ ആഫ്രിക്കയുടെയും ഗർഹിലേയും പല രാജ്യങ്ങളിലും കലാപങ്ങളുണ്ടായിട്ടും സൗദി അറേബ്യയിൽ കാര്യമായ പ്രക്ഷോഭങ്ങളുണ്ടാകാത്തത് സാമ്പത്തിക സുസ്ഥിതിയുടെ മേലങ്കി ഉള്ളത് കൊണ്ടായിരുന്നു. 2011 ജനുവരിയിലെ വിപ്ലവം കാരണം ഈജിപ്തിലെ ഹുസ്നി മുബാറക്ക് അധികാരത്തിൽ നിന്ന് പുറത്തായതിനെ തുടർന്ന് സൗദി ഭരണാധികാരി അബ്ദുല്ല രാജാവ് തന്റെ വിദേശ താമസം മതിയാക്കി ധൃതിയിൽ സ്വദേശത്തേക്ക് മടങ്ങി. അസംതൃപ്തരായ ജനത്തെ തൃപ്തി പ്പെടുത്താനായി വിമാനത്താവളത്തിൽ വെച്ചുതന്നെ 11 ബില്യൺ ഡോളറിന്റെ ക്ഷേമ പാക്കേജ് പ്രഖ്യാപിച്ചു. 1,80,000 പുതിയ തൊഴിലവസരങ്ങളാണ് ഇതിലൂടെ പ്രഖ്യാപിക്കപ്പെട്ടത്.[7]

240 ലേറെ കോളജുകളും, സർവ്വകലാശാലകളുമാണ് ഈ മേഖലയിലുള്ളത്,. എല്ലാ വർഷവും ഇവിടെ നിന്നും ബിരുദം നേടി പുറത്ത് വരുന്നത് ഒരു ലക്ഷത്തിലധികം പേരാണ് തികച്ചും അവ്യവസ്ഥിതിയായി കിടക്കുന്ന സൗദി തൊഴിൽ മേഖലയെ പരിഷ്കരിക്കാനുള്ള ശ്രമങ്ങളെല്ലാം പരാജയപ്പെടുകയാണ് ഉണ്ടായത്. അടുത്തിടെ ഉണ്ടായ മന്ത്രിസഭാ പുനസംഘാടനത്തിൽ ആദിൽ ഫകീഹ് എന്ന എൻജിനീയറെ തൊഴിൽ മന്ത്രിയായി നിയമിക്കുകയും ഒരു യൂറോപ്യൻ ഏജൻസിയെ ഉപയോഗിച്ച് സൗദി തൊഴിൽ വ്യവസ്ഥയെക്കുറിച്ച് സമഗ്ര പഠനം നടത്തിക്കുകയും ചെയ്തു. രൂക്ഷമായ സ്വദേശി തൊഴിലില്ലായ്മ നിരക്കും തൊഴിൽ ചൂഷണങ്ങളുമൊക്കെ ഈ പഠനം പുറത്ത് കൊണ്ട് വന്നു. ചെലവ് കുറഞ്ഞ തൊഴിൽ മേഖലയെ ആശ്രയിക്കുന്ന സൗദിയിലെ സ്വകാര്യ മേഖല സ്വദേശി തൊഴിൽ രഹിതരെ തഴയുന്നു എന്ന ആക്ഷേപം

ശക്തമായി ഉയർന്നു വന്നു. 3.4 ലക്ഷം സ്ഥാപനങ്ങളിൽ ഒരൊറ്റ സൗദി പൗരൻ പോലുമില്ലാത്ത അവസ്ഥ കടുത്ത പ്രതിഷേധം വിളിച്ച് വരുത്തി. ഈ അവസ്ഥയെ നേരിടാൻ സൗദി തൊഴിൽ മന്ത്രാലയം കടുത്ത നടപടികൾ സ്വീകരിച്ചു. സ്വദേശികളുടെ അനുപാതത്തിൽ കൂടുതലുള്ള ഓരോ വിദേശ തൊഴിലാളിക്കും വേണ്ടി സ്ഥാപനങ്ങൾ 2,400 റിയാൽ ലെവി അടക്കണമെന്നും നിബന്ധന ഉണ്ടാക്കി.[8]

3 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിച്ച സ്വദേശികളുടെ തൊഴിലില്ലായ്മ നിരക്ക് 10 ശതമാനത്തിൽ നിന്നും 6.1 ശതമാനത്തിലേക്ക് കുറക്കുക എന്ന ലക്ഷ്യത്തോടെ 2011 ഓഗസ്റ്റ് മാസം സൗദി തൊഴിൽ മന്ത്രാലയം *നിതാഖാത്ത്* എന്ന പേരിൽ സൗദി സ്വദേശി വൽക്കരണം പ്രഖ്യാപിച്ചു. എന്നാൽ 2009 മുതൽ തന്നെ രാജ്യത്തെ വിദേശികളുടെ എണ്ണം കുറക്കുക എന്ന ലക്ഷ്യത്തോടെയുള്ള സ്വദേശി വൽക്കരണ യജ്ഞങ്ങൾ തുടങ്ങിയിരുന്നു

എന്താണ് നിതാഖാത്ത്?

നിതാഖാത്ത് എന്ന അറബി പദത്തിന്റെ അർത്ഥം *മേഖലകൾ* എന്നാണ്. സൗദി അറേബ്യയിലെ വിവിധ തൊഴിലുകളെ മേഖലകളായി തരം തിരിച്ച് സ്വദേശി വൽക്കരണം ശക്തിപ്പെടുത്തുകയാണ് ഈ പദ്ധതിയിലൂടെ സൗദി സർക്കാർ ലക്ഷ്യം വയ്ക്കുന്നത്. സൗദിയിലെ തൊഴിലില്ലാത്ത യുവാക്കൾക്ക് തൊഴിൽ കണ്ടെത്താനായി ഒരു ചെറിയ ശതമാനം വിദേശ തൊഴിലാളികളെ മാറ്റി പകരം സ്വദേശികളെ നിയമിക്കുന്നതിനുള്ള തൊഴിൽ മന്ത്രാലയത്തിന്റെ പദ്ധതിയായാണ് നിതാഖാത്ത് ഗവൺമെന്റ് തലത്തിൽ നിർവചിക്കപ്പെട്ടത്.

നിതാഖാത്ത് പദ്ധതിയിലൂടെ രാജ്യത്തെ മൊത്തം വ്യവസായ ബിസിനസ് സ്ഥാപനങ്ങളെ നാല് മേഖലകളായി തരം തിരിച്ചിരിക്കുകയാണ്. നിതാഖ് മുംതാസ്(എക്സലെൻറ് സോൺ), നിതാഖ് അഖ്ദർ(ഗ്രീൻ സോൺ), നിതാഖ് അസ്ഫർ (യെല്ലോ സോൺ), നിതാഖ് അഹ്മർ(റെഡ് സോൺ). ഈ തരം തിരിവ് ജോലിയിൽ സൗദി പൗരന്മാരുടെയും വിദേശികളുടെയും അനുപാതത്തിന്റെ അടിസ്ഥാനത്തിലാണ് നടത്തിയത്. ട്രാഫിക് സിഗ്നലിന്റെ മൂന്ന് നിറങ്ങളായ ചുവപ്പ്, മഞ്ഞ, പച്ച എന്നിവ നൽകിയാണ് ഈ വർഗീകരണം നടത്തിയത്. ഓരോ വിഭാഗത്തിൽപെട്ട സ്ഥാപനങ്ങളിൽ ചുരുങ്ങിയത് ഇത്ര ശതമാനം സൗദി സ്വദേശികളെ നിയമിക്കണമെന്ന് നിഷ്കർഷിക്കുന്നതാണ് നിതാഖാത്ത് വ്യവസ്ഥ. സ്വദേശി വൽക്കരണം ഏറ്റവും കുറഞ്ഞ വിഭാഗമാണ് ചുവപ്പ്. കുറഞ്ഞ തോതിലെങ്കിലും സ്വദേശികളെ ഉൾപ്പെടുത്തിയവരാണ് മഞ്ഞ വിഭാഗത്തിൽ വരുന്നത്. 10 ജീവനക്കാരിൽ ഒരാൾ എന്ന നിലയിലെങ്കിലും സ്വദേശികളെ ഉൾപ്പെടുത്തിയ വിഭാഗമാണ് പച്ച. മിനിമം അനുപാതം സ്വദേശികളില്ലാത്ത ചുവപ്പ് വിഭാഗത്തിന് ഒരിഞ്ച് മുന്നോട്ട് പോകാനാകില്ല എന്ന ധ്വനിയിലാണ് ചുവപ്പ് നിറം നൽകപ്പെട്ടിരിക്കുന്നത്. സൗദി പൗരന്മാർക്ക് നല്ല പ്രാതിനിധ്യമുള്ള സ്ഥാപനങ്ങൽ എക്സലൻറ് സോണിലായിരിക്കും. ധാരാളം ആനുകൂല്യങ്ങളാണ് എക്സലൻറ്, ഗ്രീൻ സോണുകളിലുള്ള സ്ഥാപനങ്ങൾക്ക് തൊഴിൽ മന്ത്രാലയം പ്രഖ്യാപിച്ചിട്ടുള്ളത്. സൗദിയിൽ ലൈസൻസുള്ള 18 ലക്ഷം സ്ഥാപനങ്ങളുണ്ട് ഇതിൽ രണ്ടരലക്ഷം സ്ഥാപനങ്ങൾ ചുവപ്പ് വിഭാഗത്തിലാണത്രേ![10]

നിതാഖാത്തും മലയാളി പ്രവാസികളും

എന്താണ് ജോലി എന്ന് ചോദിച്ചാൽ മറുപടി ഗൾഫിൽ ബിസിനസ് എന്ന് അഭിമാനപൂർവ്വം പറയുന്ന മലയാളി പ്രവാസികളിൽ ബഹുഭൂരിപക്ഷവും ചെറുകിട സ്ഥാപനങ്ങൾ നടത്തുന്നവരോ, അവയിൽ ജോലി ചെയ്യുന്നവരോ ആണ്. ഇവർക്കാണ് നിതാഖാത്തിലൂടെ തൊഴിലും വരുമാനവും നഷ്ടപ്പെടുന്നത്. മൊബൈൽ ഷോപ്പുകൾ, *ബക്കാലകൾ* (പലവ്യജ്ഞന കടകൾ), *ബൂഫിയകൾ* (സ്നാക് ഷോപ്പുകൾ), വർക്ക് ഷോപ്പുകൾ എന്നിവിടങ്ങളിൽ ധാരാളം മലയാളികൾ പണിയെടുക്കുന്നുണ്ട്. പത്ത് പേരിൽ താഴെയുള്ള സ്ഥാപനത്തിൽ 3000 സൗദി റിയാൽ (ഏതാണ്ട് 48,000 രൂപ) ശമ്പളം നൽകി ഒരു സൗദി സ്വദേശിയെ ജോലിക്ക് നിയമിക്കാൻ കഴിയാതെ വരുമ്പോൾ ഇത്തരം ചെറുകിട സ്ഥാപനങ്ങൾ അടച്ചു പൂട്ടേണ്ടി വരും. അങ്ങനെ ചുവപ്പ് പട്ടികയിൽ പെട്ട് *ഇഖാമ*യോ (റെസിഡൻസ് പെർമിറ്റ്), ലേബർ കാർഡോ പുതുക്കാനാകാതെ ഇവർക്ക് രാജ്യം വിടേണ്ടിയും വരും. ഓഗസ്റ്റ് മാസം മുതൽ സ്വദേശികളുടെ നിയമനതോത് പരിശോധിച്ച് മാത്രമേ പുതിയ തൊഴിൽ വിസകൾ അനുവദിക്കുകയുള്ളൂവെന്നാണ് സൗദി തൊഴിൽ മന്ത്രാലയം പറയുന്നത്. സൗദി സ്വദേശികളുടെ അനുപാതത്തിൽ കൂടുതലുള്ള വിദേശികൾക്ക് ഓരോരുത്തർക്കും 2,400 റിയാൽ ലെവി അടക്കണമെന്ന നിതാഖാത്ത് നിബന്ധന സ്ഥാപനങ്ങൾ തൊഴിലാളികളുടെ മേൽ അടിച്ചേൽപിക്കുക കൂടി ചെയ്യുമ്പോൾ മാസം തോറും 2 00 റിയാൽ ലെവിക്ക് വേണ്ടി കണ്ടെത്തേണ്ട ഗതികേടിലാണ് മലയാളികളടക്കമുള്ള വിദേശതൊഴിലാളികൾ.

സ്പോൺസർഷിപ്പ് വ്യവസ്ഥയും തൊഴിൽ ചൂഷണങ്ങളും

സൗദി അറേബ്യയിലെ തൊഴിൽ മേഖല പലതുകൊണ്ടും മറ്റ് ഗൾഫ് രാജ്യങ്ങളിൽ നിന്നും വ്യത്യസ്ഥമാണ്. *കഫാലത്ത്* (സ്പോൺസർഷിപ്പ്) വ്യവസ്ഥ സൗദി തൊഴിൽ മേഖലയെ ചൂഷണത്തിന്റെയും, നിയമ വിരുദ്ധ കുടിയേറ്റത്തിന്റെയും പറുദീസയാക്കിയിട്ടുമുണ്ട്. ഏതെങ്കിലും ഒരു *കഫീലി*ന്റെ (സ്പോൺസർ) കീഴിൽ മാത്രമേ സൗദിയിൽ ഒരു വിദേശിക്ക് ജോലിചെയ്യാൻ കഴിയുകയുള്ളൂ. സൗദിപൗരന്മാർക്ക് മാത്രമേ ബിസിനസ്, വ്യവസായ സ്ഥാപനങ്ങൾ തുടങ്ങാൻ അനുവാദമുള്ളൂ. ഈ നിബന്ധന മറികടക്കാൻ മലയാളികൾ അടക്കമുള്ള വിദേശികൾ തങ്ങളുടെ സ്ഥാപനങ്ങൾ ഏതെങ്കിലും സൗദി പൗരന്റെ പേരിൽ രജിസ്റ്റർ ചെയ്യുകയും ലാഭവിഹിതം ഈ *കൂലികഫീലിന്* നൽകുകയും ചെയ്യും. ഇതിനെ കുററകരമായ ബിനാമി ഇടപാടായാണ് അധികൃതർ കാണുന്നത്.

തൊഴിൽ വിസയിൽ വരുന്നവർ ഏത് സ്പോൺസറുടെ പേരിലാണോ തങ്ങളുടെ വിസ അനുവദിച്ചത് അയാളുടെ കീഴിൽ തന്നെ ജോലി നോക്കണമെന്നാണ് സൗദിനിയമം. എന്നാൽ സ്വന്തമായി തൊഴിൽ സ്ഥാപനമോ, തൊഴിലാളികളെ ആവശ്യമില്ലാത്തവ

രോ ആയ സൗദികൾ വിസയ്ക്ക് അപേക്ഷ നൽകി വിദേശികളെ റിക്രൂട്ട് ചെയ്ത് ആവശ്യക്കാരായ വിദേശി തൊഴിലുടമകൾക്ക് മറിച്ച് വിൽക്കുകയാണ് ചെയ്യുന്നത്. ഇത്തരം ബിനാമി സ്പോൺസർമാർ സ്വന്തമാക്കുന്ന നിയമ വിരുദ്ധ വിസകളെയാണ് റിക്രൂട്ട് ഏജൻറുമാരും വിസകച്ചവടക്കാരും *ഫ്രീ വിസ* എന്ന് ഓമനപ്പേരിട്ടുവൻ തുകയ്ക്ക് മറിച്ചു വിൽക്കുന്നത്. ഇങ്ങനെ ഫ്രീ വിസയിൽ സൗദിയിൽ എത്തുമ്പോൾ മറേറതെങ്കിലും സ്പോൺസറുടെ കീഴിലായിരിക്കും വിദേശ തൊഴിലാളി ജോലി ചെയ്യേണ്ടി വരുന്നത്. തങ്ങൾ നിയമവിരുദ്ധമായാണ് ജോലിയെടുക്കുന്നത് എന്ന് പോലും പലർക്കും അറിയില്ല. സൗദിയിലെ ഒരു നിർമാണ കമ്പനിയിലെ ജോലിക്കായുള്ള വിസയുമായി റിയാദ് എയർപോർട്ടിലിറങ്ങിയ മുഹമ്മദ് നജീബ് എന്ന ചെറുപ്പക്കാരനെ ഒരു കാട്ടറബി തട്ടിക്കൊണ്ട് പോയി മരുഭൂമിയിലെ തൻെറ *മസറ*യിൽ ആട്ടിടയനായി തടവിലിടുന്ന കഥ ബെൻയാമീനിൻെറ *ആടുജീവിതം* എന്ന മലയാള നോലലിലൂടെ മലയാളികൾ വായിച്ചറിഞ്ഞിട്ടുള്ളതാണ്. എപ്പോഴെങ്കിലും *ജവാസാത്ത്* (പാസ്പോർട്ട് വിഭാഗം) നടത്തുന്ന പരിശോധനയിൽ ഇത്തരം ഫ്രീ വിസക്കാർ കുടുങ്ങിയാൽ *തർഹീൽ* (നാടു കടത്തൽ കേന്ദ്രം) വഴി വെറും കൈയ്യോടെ സ്വദേശത്തേക്ക് കയറ്റി അയക്കപ്പെടുകയാണ് ചെയ്യുന്നത്.

തൻെറ കീഴിൽ ജോലി ചെയ്തിരുന്ന വിദേശ തൊഴിലാളി നല്ല ശമ്പളവും സാഹചര്യവും തേടി വേറൊരു സ്പോൺസറെ തേടിപ്പോയാൽ *തൻെറ തൊഴിലാളി ഒളിച്ചോടി പോയി* എന്ന് പറഞ്ഞ് സ്പോൺസർ ആ തൊഴിലാളിയുടെ പാസ്പോർട്ട് *ജവാസാത്ത്* വിഭാഗത്തിൽ ഏല്പിക്കുന്നു. അതോടെ ആ തൊഴിലാളി *ഹുറൂബ്* (ഒളിച്ചോടിപ്പോയവൻ) ആയി. പിന്നീടെപ്പോഴെങ്കിലും പരിശോധനകളിൽ കുടുങ്ങാനിരിക്കുന്ന ഈ തൊഴിലാളിയെ കാത്തിരിക്കുന്നത് ജയിലഴികളാണ്. ഇത്തരത്തിൽ കുടുങ്ങിപ്പോയ ആയിരക്കണക്കിന് മലയാളികൾ അടക്കമുള്ള ഇന്ത്യക്കാരുടെ കാര്യത്തിൽ ഇടപെടുമെന്ന പ്രഖ്യാപനം ഇന്ത്യ ഗവൺമെൻറിൻെറ ഭാഗത്ത് നിന്നുണ്ടായെങ്കിലും ഒരു നടപടിയും ഇത് വരെ ഉണ്ടായിട്ടില്ല. അതിന് ശേഷമാണ് ഇപ്പോൾ നിതാഖാത്തിൻെറ രംഗപ്രവേശം.

നിതാഖാത്ത് നിയമം കർശനമാക്കിയതോടെ കുടുങ്ങിയിരിക്കുന്നത് *കൂലികഫീലു*മാരുടെ കീഴിൽ ജോലി ചെയ്യുന്ന സാധാരണക്കാരാണ്. ഒന്നാമതായി ഇവരുടെ *ഇഖാമ* (റെസിഡൻസ് പെർമിറ്റ്) ഇനി പുതുക്കാനാകില്ല. കാരണം കൂലികഫീലുമാരെ ഉന്മൂലനം ചെയ്യാനാണ് സൗദി സർക്കാർ ഉന്നം വയ്ക്കുന്നത്. രണ്ടാമതായി അറബികളുടെ വിസയിൽ വരുന്നവരെ ജോലിക്ക് വെക്കുവാൻ വദേശികൾ നടത്തുന്ന ഒരു സ്ഥാപനത്തിനും ഇനി കഴിയില്ല. *(തുടരും)*

കുറിപ്പുകൾ

2. കെ സി സക്കറിയ, എസ് ഇരുദയ രാജൻ, Inflexion in Kerala's Gulf Connection- Report on Kerala Migration Survey 2011, സെൻറർ ഫോർ ഡെവലപ്മെൻറ് സ്റ്റഡീസ്, തിരുവനന്തപുരം, 2012 വർക്കിങ് പേപ്പർ 450, പേജ് 62
3. പ്രവാസികൾ കഴിഞ്ഞ വർഷം ഇന്ത്യയിലെത്തിച്ചത് 6,900 കോടി ഡോളർ, മാതൃഭൂമി, 2013 ഏപ്രിൽ 21
4. കെ.പി.സക്കറിയ, എസ്. ഇരുദയരാജൻ, Impact of the Global Recession on Migration and Remittance in Kerala: New Evidence from the Return Migration Survey (RMS) 2009, സെൻറർ ഫോർ ഡെവലപ്മെൻറ് സ്റ്റഡീസ്, തിരുവനന്തപുരം, 2010, വർക്കിങ് പേപ്പർ 432, പേജ് 39
5. കെ.പി. സക്കറിയ, എസ്. ഇരുദയ രാജൻ, 2012, വർക്കിങ് പേപ്പർ നമ്പർ 450, പേജ് 8
6. സനൽ പി. ജയ്സൺ, പഴങ്കഥയാകുന്ന പ്രവാസ ജീവിതം, മലയാള മനോരമ, 2012 ഓഗസ്റ്റ് 27
7. King's order to benefit 1,80,000 temporary employees, Arab News, 2011 ഫെബ്രുവരി 28.
8. P.K. Abdul Gafoor, Saudi Job prospects grow as Nitaqat gains ground, Arab News, 2013 January 24
9. K.P.M. Basheer, Saudi Malayalis Jittery as Nitaqat decline ends today, The Hindu, 2013 March 27
10. സൗദി സ്വദേശിവൽക്കരണം ശക്തമാക്കുന്നു. മലയാളികൾ മടങ്ങുന്നു, മാതൃഭൂമി, 2013 മാർച്ച് 28

നിതാഖാത്ത് ഇപ്പോൾ

മരീചികയാകുന്ന പ്രവാസം - 2

ഡോ. എൻ. ഷംനാദ്

നിതാഖാത്ത് എന്ന പേരിലുള്ള സ്വദേശിവൽക്കരണം 2013 ഏപ്രിൽ 3 മുതൽ ശക്തമായി നടപ്പാക്കപ്പെടുമെന്ന് സൗദി തൊഴിൽ മന്ത്രാലയം അറിയിച്ചിരുന്നുവെങ്കിലും ആരും അത് കാര്യമായി എടുത്തിരുന്നില്ല. എന്നാൽ രണ്ടര ലക്ഷം വരുന്ന ചെറുകിട ബിസിനസ് സംരംഭകരേയും ഫ്രീവിസക്കാരെയും ലക്ഷ്യം വെച്ചുള്ള തൊഴിൽ വകുപ്പിന്റെയും *ജവാസാത്തിന്റെ*യും റെയ്ഡുകൾ ആരംഭിച്ചതോടെ സൗദിയിലും അവിടെ ജോലി ചെയ്യുന്ന വിദേശികളുടെ നാടുകളിലും പരിഭ്രാന്തി പരന്നു. റോഡിൽ നിന്നും താമസസ്ഥലങ്ങളിൽ നിന്നും മതിയായ രേഖകളില്ലാത്തവരെ പോലീസ് പിടികൂടി *തർഹീൽ* (നാടുകടത്തൽ) കേന്ദ്രങ്ങളിൽ അടച്ചു. ഇന്ത്യയിലെയും മറ്റും ചില ഭരണാധികാരികൾ നിതാഖാത്തിൽ നിന്നും ഇളവ് ആവശ്യപ്പെട്ടു കൊണ്ട് സൗദി സന്ദർശിക്കാൻ പോകുന്നു എന്ന വാർത്തപരന്നതിനെ തുടർന്ന് സൗദി രാജാവിന്റെ പ്രസ്താവനയും പുറത്തു വന്നു: *നിതാഖാത്ത് നടപ്പാക്കാത്ത സ്ഥാപനങ്ങൾ തന്റെ മക്കളുടെ പേരിലാണെങ്കിലും അവ അടച്ചു പൂട്ടേണ്ടി വരും.!*

തുടർന്നുണ്ടായ നയതന്ത്ര സമ്മർദ്ദങ്ങൾ കാരണം അനധികൃതമായി സൗദിയിൽ ജോലി ചെയ്യുന്നവർക്ക് രാജ്യം വിടാനോ നിയമാനുസൃത തൊഴിലാളിയാകാനോ ഉള്ള ഗ്രേസ് പിരീഡ് ആയി ജൂലൈ 3 വരെ മൂന്നുമാസം സാവകാശം അനുവദിക്കപ്പെട്ടു. പൊതുമാപ്പിന് തുല്യമായ ആനുകൂല്യങ്ങൾ പ്രഖ്യാപിക്കപ്പെട്ട ഈ കാലയളവിൽ 4 വിഭാഗം ആളുകളാണ് തൊഴിൽ രേഖകൾ ശരിയാക്കേണ്ടിയിരുന്നത്.

1. *ഇഖാമ* (റെസിഡൻസ് പെർമിറ്റ്), ലേബർ കാർഡുകൾ സ്വന്തമില്ലാത്തവർ, 2. സ്വന്തം സ്പോൺസറുടെ കീഴിലല്ലാതെ ജോലി ചെയ്യുന്നവർ (ഫ്രീവിസക്കാർ), 3. സ്വന്തം സ്പോൺസറുടെ അടുക്കൽ നിന്നും ഒളിച്ചോടി മറ്റൊരു സ്പോൺസറുടെ കീഴിൽ നിയമ വിരുദ്ധമായി ജോലി ചെയ്യുന്നവർ (ഹുറൂബ്) 4. 2008 ന് മുമ്പ് ഹജ്ജ്-ഉംറ വിസകളിൽ തീർത്ഥാടനത്തിന് എത്തിയ ശേഷം അനധികൃതമായി സൗദിയിൽ തങ്ങുന്നവർ. എന്നാൽ തൊഴിൽ രേഖകൾ ശരിയാക്കുന്നതിനുള്ള സമയ പരിധി പിന്നെയും 4 മാസം കൂടി നീട്ടി (നവംബർ 3 വരെ) സൗദി ഭരണകൂടം ഉത്തരവ് ഇറക്കി.

ഈ ഏഴുമാസത്തെ ഇളവ് പ്രയോജനപ്പെടുത്തി നവംബർ 30 വരെ 40 ലക്ഷത്തോളം വിദേശ തൊഴിലാളികൾ തങ്ങളുടെ തൊഴിൽ രേഖകൾ ശരിയാക്കിയെന്നും, 10 ലക്ഷത്തോളം പേർ മറ്റു വഴികളില്ലാതെ നാട്ടിലേക്കു മടങ്ങിയെന്നും റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. ഇനി വരുംനാളുകളിലെ വ്യാപകമായ പരിശോധനകളിൽ ആവശ്യമായ രേഖകളില്ലാത്ത അനേകം പേർ പിടിക്കപ്പെടുമെന്നുറപ്പാണ്. അവരെ കാത്തിരിക്കുന്നത് (അവർക്ക് അഭയം നൽകുന്നവരെയും) രണ്ടു വർഷം തടവും ഒരു ലക്ഷം സൗദി റിയാൽ (ഏകദേശം 17 ലക്ഷം രൂപ) പിഴയുമാണ്.മലയാളികളടക്കമുള്ള പതിനായിരക്കണക്കിന് തൊഴിലാളികളുടെ ജീവിതമാണ് ദുരിതപൂർണമാകാൻ പോകുന്നത്. പലരും താമസസ്ഥലങ്ങളിൽ ഒളിച്ചു കഴിയുകയാണ്. ഇതിനിടയിൽ അയ്യായിരത്തിലധികം പേരെ സൗദി പോലീസ് നാടുകടത്തിയതായും റിപ്പോർട്ടുകളുണ്ട്.

500 ബില്യൺ റിയാലിന്റെ മിച്ച ബജറ്റുള്ള രാജ്യമാണ് സൗദി അറേബ്യ. ആ രാജ്യത്ത് വലിയ പദ്ധതികൾ നടന്നു കൊണ്ടിരിക്കുന്നു. ആ ജോലികൾക്കായി ദശലക്ഷക്കണക്കിന് തൊഴിലാളികളെ വേണം. അതിനാൽ തന്നെ ഉന്നത ജോലികൾ മുതൽ താഴേതട്ട് വരെയുള്ള തൊഴിലാളികളുടെ സംഭാവന ആ രാജ്യം അംഗീകരിക്കുന്നുണ്ട്. സൗദി ഭരണാധികാരി അബ്ദുല്ല രാജാവ് ഡൽഹി സന്ദർശിച്ചപ്പോൾ ഇന്ത്യ തന്റെ രണ്ടാം വീടാണ് എന്ന് പറയുകയുണ്ടായി. എന്നാൽ തങ്ങളുടെ രാജ്യത്തെ വർദ്ധിച്ച തൊഴിൽ രഹിതർക്ക് ജോലി നൽകാനുള്ള ആ രാജ്യത്തിന്റെ ശ്രമങ്ങളെ മറ്റ് രാജ്യങ്ങൾക്ക് കുറ്റം പറയാനാകില്ല. തൊഴിൽ മേഖലയെ കൂടുതൽ നിയമ വിധേയമാക്കാനും *കൂലി കഫീലുമാരു*ടെ ചൂഷണം ഇല്ലാതാക്കാനുമാണ് നിതാഖാത്ത് നടപടികൾ നടക്കുന്നതെന്നും അതിനാൽ തന്നെ ഗൾഫ് രാജ്യങ്ങളിൽ ഇപ്പോൾ നടക്കുന്നത് നാഷണലൈസേഷനല്ല, ലീഗലൈസേഷൻ ആണ് എന്നും വാദിക്കുന്നവരും ഉണ്ട്. സ്വദേശികളുടെ സാന്നിദ്ധ്യം നിയമപരമാക്കുന്ന പ്രക്രിയയാണ് നിതാഖാത്ത് എന്നാണ് ഇവരുടെ വാദം.[1]

പ്രവാസി മടങ്ങിവരുമ്പോൾ

സൗദി അറേബ്യക്ക് പിന്നാലെ കുവൈറ്റും സ്വദേശിവൽക്കരണ നടപടികളും അനധികൃത ജോലിക്കാരെ കണ്ടെത്താനുള്ള പരിശോധനകളും ശക്തമാക്കിയതോടെ മടങ്ങിയെത്തുന്ന പ്രവാസികൾക്കായി പുനരധിവാസ പാക്കേജുകൾക്ക് വേണ്ടി മുറവിളി ഉയർന്നിട്ടുണ്ട്. വിദേശ തൊഴിൽ പരിചയവും വൈദഗ്ദ്യവും ചെറിയ സമ്പാദ്യവുമായി തിരിച്ച് വരുന്നവർക്ക് സ്വയം തൊഴിലിൽ ഏർപ്പെടാൻ സംവിധാനങ്ങൾ വേണം. നിതാഖാത്ത് മൂലം തൊഴിൽ നഷ്ടപ്പെട്ട് തിരിച്ച് വരുന്നവരുടെ വിവരങ്ങൾ ശേഖരിക്കാൻ *കുടുംബശ്രീ* വഴി വിവര ശേഖരണം നടത്തുമെന്ന് കേരളാ സർക്കാർ പ്രഖ്യാപിച്ചെങ്കിലും അത്

എങ്ങുമെത്തിയിട്ടില്ല. കേരളത്തിലെ യു ഡി എഫ് സർക്കാരിന്റെ രണ്ടാം വാർഷിക വേളയിൽ പ്രമുഖ പത്രങ്ങളിൽ നൽകിയ ഒരു പരസ്യത്തിൽ *നോർക്ക ഡിപ്പാർട്ട്മെൻറ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻറ്സ്* എന്ന പദ്ധതിയെക്കുറിച്ച് പറയുന്നുണ്ട്.2 മടങ്ങി എത്തുന്നവർക്ക് സ്വയം തൊഴിൽ സംരംഭങ്ങൾക്കായി 10 ശതമാനം മൂലധന സബ്സിഡി നൽകുമെന്ന് സർക്കാർ പറയുന്നു. എന്നാൽ സൗദി അറേബ്യയിലെ നിതാഖാത്ത് പ്രതീക്ഷിച്ച അത്ര ഗുരുതരമായ പ്രശ്നങ്ങളുണ്ടാക്കിയില്ലായെന്നാണ് പ്രവാസി വകുപ്പ് മന്ത്രി ശ്രീ.കെ.സി. ജോസഫിന്റെ അഭിപ്രായം. കാരണമായി അദ്ദേഹം പറയുന്നത് 9000 പേർ മാത്രമേ ജോലി നഷ്ടപ്പെട്ട് മടങ്ങിയെത്തിയിട്ടുള്ളൂ എന്നാണ്. മുൻ ധനമന്ത്രി ഡോ. തോമസ് ഐസകിനെ ഉദ്ധരിച്ച് കൊണ്ട് ഈ ലേഖനം അവസാനിപ്പിക്കാം: *ഇന്ത്യയുടെ വിദേശ വ്യാപാരക്കമ്മി സർവ്വകാല റെക്കോഡിലേക്ക് ഉയരുകയാണ്. രാജ്യം ഇന്നും പിടിച്ചു നിൽക്കുന്നുണ്ടെങ്കിൽ അതിന് കാരണം വിദേശ ഇന്ത്യക്കാർ അയച്ചുതരുന്ന അതിഭീമമായ വിദേശ നാണയമാണ്. വിദേശ നാണയം നേടാനായി കയറ്റുമതിക്കാർക്ക് എന്തെല്ലാം പ്രോത്സാഹനമാണ് ഓരോ ബജറ്റിലും പ്രഖ്യാപിക്കുന്നത്, ഇങ്ങനെ മുതലാളിമാർക്ക് വാരിക്കോരി കൊടുക്കുന്നവർ കയറ്റുമതിക്കാരുടെ അത്രയും തന്നെ വിദേശനാണയം നേടിത്തരുന്ന വിദേശ ഇന്ത്യക്കാരുടെ കാര്യം വരുമ്പോൾ എന്തെല്ലാം വേവലാതികളും, പിശുക്കുകളുമാണ് കാണിക്കുന്നത്,നന്ദികേടന്നല്ലാതെ എന്ത് പറയാൻ?*

(അവസാനിച്ചു)

കുറിപ്പുകൾ

1. കെ പി ഷംസുദീൻ, സൗദി വൽക്കരണം, മിഥ്യയും യാഥാർത്ഥ്യവും, ധനം ബിസിനസ് മാഗസിൻ, 2013 മേയ് 16

2. നോർക്ക ഡിപ്പാർട്ട്മെൻറ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രാൻസ്, കേരള സർക്കാർ നോർക്ക റൂട്ട്സ് പരസ്യം, മാതൃഭൂമി, 2013 മേയ് 26.

ഡോക്ടറേറ്റ് ലഭിച്ചു

ഡോ.കെ. ജയകുമാർ

An insight into Transition Metal Complexes of N4-substituted Thiosemicarbazones Derived From 2-Benzoylpyridine: Spectral Studies and Crystal Structures എന്ന വിഷയത്തിൽ കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജിയിൽ നിന്ന് ഡോക്ടറേറ്റ് ലഭിച്ച ഡോ. കെ. ജയകുമാർ. എറണാകുളം മഹാരാജാസ് കോളേജിൽ രസതന്ത്ര വിഭാഗം അസ്സോസിയേറ്റ് പ്രൊഫസറാണ്.

ഡോ.ലാലു വി.

ടി.വി. കൊച്ചുബാവയുടെ കൃതികളിലെ ആധുനികോത്തര പ്രവണതകൾ ഒരു പഠനം എന്ന വിഷയത്തിൽ കേരള സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ് ലഭിച്ച ഡോ. ലാലു.വി കട്ടപ്പന ഗവ.കോളേജിൽ മലയാള വിഭാഗം അസിസ്റ്റന്റ് പ്രൊഫസറും മേധാവിയുമാണ്.

ഡോ. സെനി ജോസഫ്

The stories people tell: Reading (Hi) stories of the Indian Diaspora എന്ന വിഷയത്തിൽ കണ്ണൂർ സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ് ലഭിച്ച മാനന്തവാടി ഗവ.കോളേജിൽ ഇംഗ്ലീഷ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ.സെനി ജോസഫ്.

ഡോ.രതീഷ്

Supra Molecular Chemitry എന്ന വിഷയത്തിൽ കേരള സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ് ലഭിച്ച ഡോ. രതീഷ്. കാസർഗോഡ് ഗവ. കോളേജിൽ രസതന്ത്ര വിഭാഗം അസിസ്റ്റന്റ് പ്രൊഫസറാണ്.

ഡോ. വി. മണികണ്ഠൻ നായർ

Optimized combustion synthesis of nano structured dielectric b-arium rare earth antimonates for super conductors എന്ന വിഷയത്തിൽ കേരള സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ് ലഭിച്ച ഡോ.മണികണ്ഠൻ നായർ. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ ഭൗതിക ശാസ്ത്രവിഭാഗം അസ്സോസിയേറ്റ് പ്രൊഫസറാണ്.

ഡോ.സന്തോഷ്കുമാർ. കെ.ആർ

Some Problems inGraph Theory-Irregulariy Strength of Graph എന്ന വിഷയത്തിൽകേരള സർവ്വകലാശാലയിൽ നിന്ന് ഗണിതശാസ്ത്രത്തിൽ ഡോക്ടറേറ്റ് ലഭിച്ച ഡോ.സന്തോഷ്കുമാർ കെ.ആർ. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ ഗണിതശാസ്ത്ര വിഭാഗം അസിസ്റ്റന്റ് പ്രൊഫസറാണ്.